**പതിമൂന്നാം കേരള നിയമ സഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമ സഭാ ചോദ്യം നമ്പർ 1173      21-03-2013 -ലെ മറുപടിക്ക്

## വരൾച്ചാ പാക്കേജ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. ബി.സത്യൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | **ശ്രീ.അടൂർ പ്രകാശ്**<br>**(റവന്യൂവും കയറും വകുപ്പ മന്ത്രി)** |
| എ) | സംസ്ഥാനം അഭിമുഖീകരിക്കുന്ന വരൾച്ച നേരിടുന്നതിന് വരൾച്ചാ പാക്കേജ് തയ്യാറാക്കിയിട്ടുണ്ടോ; | എ) | മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 3936.81 കോടി രൂപയുടെ ഒരു പ്രത്യേക പാക്കേജ് കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| ബി) | സംസ്ഥാനത്തെ വരൾച്ചാബാധിത പ്രദേശമായി പ്രഖ്യാപിച്ചതിനുശേഷം എന്തെല്ലാം നടപടികളാണ് ഇതുവരെ സ്വീകരിച്ചത് ; | ബി) | 31.12.2012 ൽ സംസ്ഥാനം മൊത്തത്തിൽ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. ഓരോ ജില്ലയിലേയും വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ എകോപിപ്പിക്കുന്നതിന് ഓരോ മന്ത്രിമാരെ ചുമതലപ്പെടുത്തുകയും അവരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുകയും ഈ യോഗങ്ങളിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ദുരിതാശ്വാസ പ്രവർത്തനങ്ങളും കുടിവെള്ള വിതരണ പ്രവർത്തനങ്ങളും ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ നടത്തിവരുകയും ചെയ്യുന്നു. 2013 ജനുവരി 23 ന് വരൾച്ച നേരിടുന്നതിന് വേണ്ടി പ്രത്യേക ക്യാബിനറ്റ് യോഗം ചേർന്ന് തീരുമാനങ്ങൾ എടുത്തു. അതനുസരിച്ച് എല്ലാ കാർഷിക വായ്പകൾക്കും ഒരു വർഷത്തെ മോറട്ടോറിയം പ്രഖ്യാപിക്കുവാനും ജപ്തി നടപടികൾ ഒഴിവാക്കാനും വായ്പകൾ പുനഃക്രമീകരിക്കാനും തീരുമാനിച്ചു. കുടിവെള്ള /വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് എസ്.ഡി.ആർ.എഫ്-ൽ നിന്നും 85 കോടി രൂപ അനുവദിച്ചു. നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും 7888.0965 കോടി രൂപയുടെ അധിക സഹായത്തിനായി 23.02.2013-ൽ മെമ്മോറാണ്ടം സമർപ്പി ച്ചിട്ടുണ്ട്. ഇതിന് പുറമെ 3936.81 കോടി രൂപയുടെ പ്രത്യേക |

| | | | |
|---|---|---|---|
| | | | പാക്കേജ് അനുവദിക്കാൻ പ്രധാനമന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. സംസ്ഥാനം സമർപ്പിച്ച മെമ്മോറാണ്ടത്തിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര സംഘം 17.03.2013 മുതൽ 21.03.2013 വരെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങൾ സന്ദർശിച്ച് വരൾച്ചാ കെടുതികൾ വിലയിരുത്തിവരുന്നു. |
| സി) | ദുരിതാശ്വാസം നൽകുന്നതിന് ഇന്നുള്ള മാനദണ്ഡങ്ങൾ ദുരിതബാധിതരായ സാധാരണക്കാർക്ക് ഉതകുംവിധം ലളിതമാക്കാൻ തയ്യാറാകുമോ ? | സി) | സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്നും ദുരിതാശ്വാസം നൽകുന്നത് കേന്ദ്ര മാനദണ്ഡങ്ങൾ അനുസരിച്ചാണ്. ഇതിൽ മാറ്റം വരുത്തേണ്ടത് കേന്ദ്ര സർക്കാരാണ്. പ്രസ്തുത മാനദണ്ഡങ്ങൾക്ക് ഉപരിയായാണ് പ്രത്യേക സാമ്പത്തിക പാക്കേജിന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ